(ബി) അവരുടെ പേരുവിവരവും ഔദ്യോഗിക നില എന്തെങ്കിലും ഉണ്ടെങ്കിൽ അവയും അവരെ സ്റ്റേറ്റ് അതിഥികളായി സ്വീകരിക്കാൻ പ്രേരിപ്പിച്ചവരുടെ സ്ഥാനങ്ങളുടെ ഉന്നതിയും വിവരിച്ച് പറയുവാൻ ദയവുണ്ടാകുമോ ;

(സി) ഇവരെ സ്വീകരിക്കുകയും സൽക്കരിക്കുകയും ചെയ്ത ഇനത്തിൽ 1954-ൽ ഗവണ്മെൻറിന് ആകെ എന്തു തുക ചെലവായി ;

(ഡി) ഇവരുടെ സഞ്ചാരം, സൽക്കാരം, ഭക്ഷണം മുതലായ ചെലവുകൾക്കായി മേൽ കാണിച്ച തുകയിൽനിന്നും ആകെ എത്ര രൂപ പ്രൈവറ്റ് ഏജൻസികൾക്ക് നൽകിയിട്ടുണ്ട് ;

(ഈ) അങ്ങനെ കോൺട്രിബ്യൂഷൻ ലഭിച്ച പ്രൈവറ്റ് ഏജൻസികൾ ഉണ്ടെങ്കിൽ അവരുടെ പേരുവിവരം ഈ സഭയെ അറിയിക്കുമോ ?

ഉത്തരം.

(എ) 1954-ൽ ഈ സ്റ്റേറ്റിൽ ആകെ 25 ആളുകളെ സംസ്ഥാനാതിഥികളായി സ്വീകരിച്ചിട്ടുണ്ട്.

(ബി) 1954-ൽ സംസ്ഥാനാതിഥികളായി സ്വീകരിച്ചിട്ടുള്ള 25 ആളുകളുടെ പേരും ഔദ്യോഗിക നിലയും കാണിച്ചുള്ള † ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഇവരെ സംസ്ഥാനാതിഥികളായി സ്വീകരിച്ചത് ആരുടേയും പ്രേരണയിലല്ല. ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ള നയമനുസരിച്ചു മാത്രമാണ്.

(സി) ഉദ്ദേശം 12,788 ക. യോളം ചെലവായിട്ടുണ്ട്.

(ഡി) യാതൊരു തുകയും പ്രൈവറ്റ് ഏജൻസികൾക്ക് നൽകിയിട്ടില്ല.

(ഈ) ഡി. ചോദ്യത്തിൻെറ ഉത്തരം കൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

പാലത്തിൻെറ ആവശ്യം.

30. [21] ശ്രീ. സി. കൊച്ചുകുഞ്ഞു : താഴെ കാണുന്ന ചോദ്യത്തിന് ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പത്തനാപുരം താലൂക്കിൽ ഇടമുളയ്ക്കൽ പകൃതിയിൽപ്പെട്ട ആനപ്പുഴയ്ക്കൽ കടത്തിൽ ഒരു പാലം ആവശ്യമാണെന്ന കാണിച്ച് നാട്ടുകാരിൽനിന്നും നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ.

ഉത്തരം

ഉണ്ട്.

† Please see Appendix VII.

LIBRARY ARCHIVES Kerala Legislative Assembly